2. ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
3. രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം.
4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ഇടുക്കി.
5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.
6. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം.
7. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, മാനന്തവാടി.
8. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.
9. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ.

(സി) സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) എല്ലാ സർക്കാർ പോളിടെക്നിക്കുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

വനംവകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം

22 (*262) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വനം വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തു ;

(സി) മെച്ചപ്പെട്ട വൃക്ഷത്തൈകൾ പൊതുജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ ;

(ഡി) മെച്ചപ്പെട്ട ഔഷധ സസ്യങ്ങൾ നഴ്സറികളിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) വനംവകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള നല്ലയിനം വിത്തുകൾ ഉപയോഗിക്കുക, തൈകളെ കീടങ്ങളിൽ നിന്നും സംരക്ഷിക്കുക, ആവശ്യമായ ബയോഫെർട്ടിലൈസേഴ്സ് ഉപയോഗിക്കുക, കളകൾ യഥാസമയം നീക്കം ചെയ്യുന്നതിനും തൈകളുടെ സംരക്ഷണത്തിനും പ്രത്യേകം വാച്ചർമാരെ നിയോഗിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനം വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 116.35 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.

(സി) മെച്ചപ്പെട്ട വൃക്ഷത്തൈകൾ പൊതുജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 2007 മുതൽ 2010 വരെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ താഴെ വിവരിക്കുന്നു :

വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എന്റെ മരം പദ്ധതി പ്രകാരം 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2007 മുതൽ 2010 വരെ 77.97 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.

പ്ലസ് ടു മുതൽ കോളേജ്തലം വരെയുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കിയ നമ്മുടെ മരം പദ്ധതിപ്രകാരം 2008 മുതൽ 2010 വരെ 16 ലക്ഷം തൈകൾ വിതരണം ചെയ്തു.

വനം വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും ചേർന്ന് ഹരിതകേരളം ഒന്നാംഘട്ടം പദ്ധതിപ്രകാരം സർക്കാർ തരിശുഭൂമിയിൽ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ആരംഭിച്ചു. 31.4 ലക്ഷം വൃക്ഷത്തൈകൾ 2009-ൽ വിതരണം ചെയ്തു. ഹരിത കേരളം രണ്ടാംഘട്ടം പദ്ധതിപ്രകാരം 2010-ൽ എന്റെ മരം, നമ്മുടെ മരം, പഞ്ചായത്തുകൾ വഴിയുള്ള വിതരണം, മറ്റുപൊതുജനങ്ങൾക്കുള്ള വിതരണം എന്നീ ഘടകങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കുടക്കീഴിൽ നടപ്പിലാക്കി. രണ്ടാം ഘട്ട പദ്ധതിപ്രകാരം 79.5 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.

(ഡി) കുമ്പിൾ, കൂവളം, അഗത്തിച്ചീര, അശോകം, നെല്ലി, വേപ്പ്, ചന്ദനം എന്നീ മെച്ചപ്പെട്ട ഔഷധഗുണമുള്ള തൈകൾ ഇപ്പോഴും സോഷ്യൽ ഫോറസ്ട്രിയുടെ കീഴിലുള്ള നഴ്സറികളിൽ നിന്നും വിതരണം ചെയ്യുന്നു. ഗുണനിലവാരമുള്ള ഔഷധ സസ്യത്തൈകൾ വിതരണം ചെയ്യുന്ന പരിപാടി തുടരുന്നതാണ്.

തുടർവിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

23 (*263) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) തുടർവിദ്യാഭ്യാസ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) തുടർവിദ്യാഭ്യാസ പദ്ധതിക്ക് കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly